(ബി) സംസ്ഥാനത്ത് ഐ.എ.എസ്. കേഡറിൽ അനുവദിച്ചിട്ടുള്ള അംഗസംഖ്യ 231 ആണ്. നിലവിൽ സംസ്ഥാനത്ത് 78 ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ കുറവുണ്ട്. ഐ.പി.എസ്. കേഡറിൽ അനുവദിച്ചിട്ടുള്ള അംഗസംഖ്യ 163 ആണ്. നിലവിൽ സംസ്ഥാനത്ത് 40 ഉദ്യോഗസ്ഥരുടെ കുറവുണ്ട്. ഐ.എഫ്.എസ്. കേഡറിൽ അനുവദിച്ചിട്ടുള്ള അംഗസംഖ്യ 102 ആണ്. നിലവിൽ സംസ്ഥാനത്ത് 27 ഉദ്യോഗസ്ഥരുടെ കുറവുണ്ട്.

കോടതിഭാഷ മലയാളത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ

33(37) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടതിഭാഷ മലയാളത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഇതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കോടതികൾക്ക് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ & ബി) കോടതിവ്യവഹാരഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് 19-12-2013-ലെ സർക്കാർ ഉത്തരവ് നമ്പർ 223/2013/നിയമം അനുസരിച്ച് ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി വിപുലീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവനുസരിച്ച് പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി വിവരം സംബന്ധിച്ചുള്ള തുടർനടപടികൾ ആഭ്യന്തരവകുപ്പും നിയമവകുപ്പും സ്വീകരിച്ചുവരികയാണ്. ടി സമിതിയുടെ ആദ്യയോഗം 12-5-2014-ൽ ചേരുകയും കേരള ഹൈക്കോടതിയുടെ കീഴിലുള്ള സിവിൽ/ക്രിമിനൽ കോടതികളിൽ വിധിന്യായം എഴുതുന്നത് സംബന്ധിച്ച് 1973-ൽ ആഭ്യന്തരവകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനം ഫലപ്രദമായി പാലിക്കപ്പെടുന്നതിലേക്കായി ടി വിജ്ഞാപനം പുതുക്കി പുറപ്പെടുവിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും തീരുമാനിച്ചിരുന്നു. എന്നാൽ 2014-ലെ മലയാളഭാഷ (വ്യാപനവും പരിപോഷണവും) ബിൽ അടിയന്തരമായി നിയമമാക്കുന്ന കാര്യം സജീവ പരിഗണനയിലായതിനാൽ 1973-ലെ വിജ്ഞാപനം പുതുക്കി പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് അന്തിമതീരുമാനം ആയിട്ടില്ലാത്തതാണ്.

(സി) ഹൈക്കോടതിയുടെ വിധിന്യായങ്ങളും സുപ്രീംകോടതി കുറിപ്പുകളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു നിയമ ജേർണൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നിയമവകുപ്പിൽ സ്വീകരിച്ചുവരുന്നു. കീഴ് കോടതികളിൽ ഇപ്പോൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്ന കമ്പ്യൂട്ടറുകളിൽ മലയാളം സോഫ്റ്റ്വെയർ സ്ഥാപിക്കുന്നതും നിലവിലെ ഉദ്യോഗസ്ഥർക്ക് മലയാളം പരിശീലനം നൽകുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly